LIBRARY ARCHIVES Kerala Legislative Assembly

ചെറുതന പി. എച്ച്. സി. യിലെ വാർഡിന്റെ പ്രവർത്തനം

156 [1750] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചെറുതന പി. എച്ച്. സി. യിൽ ഐ.പി. വാർഡ് ഉദ്ഘാടനം ചെയ്തിട്ടും വാർഡിന്റെ പ്രവർത്തനം തുടങ്ങാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വാർഡിന്റെ പ്രവർത്തനം തുടങ്ങുന്നതിനായി പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്;

(ഡി) ഐ. പി. വാർഡിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഡി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാവുന്ന മുറയ്ക്ക് ഐ.പി. വാർഡ് പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കിടത്തി ചികിത്സ അനുവദിച്ചിട്ടുള്ള പി.എച്ച്.സി. കൾ

157 [1751] *ശ്രീ. സി. മോയീൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പി.എച്ച്.സി. കളിൽ കിടത്തി ചികിത്സ അനുവദിച്ചിട്ടുണ്ട്;

(ബി) ഏതൊക്കെ പി.എച്ച്.സി. കളിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്;

(സി) പി. എച്ച്. സി. കളിൽ കിടത്തി ചികിത്സ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ള പി.എച്ച്.സി. കളിൽ കിടത്തി ചികിത്സ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ കൊടിയത്തൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ അനുവദിച്ചിട്ടുണ്ട്.

(ബി) കൂടരഞ്ഞി, കോടഞ്ചേരി എന്നീ പി.എച്ച്.സി. കളിൽ 10 കിടക്കകൾ വീതമുള്ള വാർഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൊടിയത്തൂർ പി.എച്ച്.സി. യിൽ കിടത്തി ചികിത്സ നടത്തുന്നതിനാവശ്യമായ ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ ജീവനക്കാരുടേയും അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(സി) കിടത്തി ചികിത്സ അനുവദിക്കുന്നതിന് അംഗീകൃത മാനദണ്ഡം നിലവിലില്ല. എന്നിരുന്നാലും കിടത്തി ചികിത്സ അനുവദിക്കുന്നതിന് രോഗികളെ കിടത്തുന്നതിന് സൗകര്യമുള്ള വാർഡ്, കിടക്കകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ ജീവനക്കാരുടെ അധിക തസ്തികകൾ, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, വൈദ്യുതി, ശുദ്ധജലം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

(ഡി) ആവശ്യമായ അധിക തസ്തികകൾ കൂടി സൃഷ്ടിക്കപ്പെട്ടതിനുശേഷം മാത്രമേ കിടത്തി ചികിസ അനുവദിക്കാനാവൂ.

ഐ. പി. യൂണിറ്റ് ആരംഭിക്കുന്ന പി. എച്ച്. സി. കൾ

158 [1752] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.പി. യൂണിറ്റ് ആരംഭിക്കുന്നതിലേക്കായി എത്ര പി. എച്ച്. സി. കളിൽ അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഇവയിൽ എത്ര പി. എച്ച്. സി. കളിൽ ഐ. പി. യൂണിറ്റ് ആരംഭിച്ചെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഡോക്ടർമാർ ഇല്ലാത്തതുമൂലം ഐ.പി. യൂണിറ്റ് ആരംഭിക്കാൻ സാധിക്കാത്ത എത്ര പി.എച്ച്.സി. കൾ ഉണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ഡി) ഇങ്ങനെയുള്ള പി.എച്ച്. സി.കളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ച് ഐ.പി. യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly